പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1697 — 04.12.2015 ലെ മറുപടിയ്ക്ക്

## കർഷകകടാശ്വാസ കമ്മീഷൻ മുഖേനയുള്ള സഹായധനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സാമ്പത്തിക പ്രതിസന്ധി മൂലവും അല്ലാതെയും എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയാമോ; വ്യക്തമാക്കമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിനുള്ളിൽ കർഷകകടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകകടാശ്വാസ കമ്മീഷന്റെ ശിപാർശ അനുസരിച്ച് 89.35 കോടി രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കർഷക കടാശ്വാസത്തിനു വേണ്ടിയുള്ള അപേക്ഷകളിൽ നാളിതുവരെ എത്ര തുക ശുപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കമോ ; | (സി) | കടാശ്വാസത്തിനു വേണ്ടിയുള്ള വ്യക്തിഗത അപേക്ഷകളിൽ നാളിതു വരെ 188,51,25,307/- രൂപ കടാശ്വാസമായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | എത്ര അപേക്ഷകൾ തീർപ്പ് കല്പിക്കാനായി കമ്മീഷന്റെ മുമ്പാകെ നിലവിലുണ്ട് എന്ന് വ്യക്തമാക്കമോ ; | (ഡി) | കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.10.2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39,868 എണ്ണം തീർപ്പ് കല്പിക്കാനായി കമ്മീഷൻ മുമ്പാകെ നിലവിലുണ്ട്. |
| (ഇ) | കമ്മീഷന്റെ കൈവശം അപേക്ഷ ലഭിച്ച് മൂന്നു മാസത്തിനകം തീർപ്പാക്കാൻ ആവശ്യമായ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഇ) | കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ബന്ധപ്പെട്ട ബാങ്കിനേയും കേട്ടതിനു ശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. ഇത്തരത്തിൽ അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ